# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 20.02.2026** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ആഗോള എ ഐ രംഗത്തെ നേതൃതല പ്രഖ്യാപനത്തിന് ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി ഇന്ന് അംഗീകാരം നൽകും. എഐ മേഖലയിലെ സ്റ്റാർട്ടപ്പ് സിഇഒ മാരുമായി കൂടിക്കാഴ്ച നടത്തി ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും.

   **India-AI Impact Summit 2026 to adopt Leaders' Declaration in New Delhi today. Vice President CP Radhakrishnan and PM Modi today met with a group of CEOs participating in the ongoing India AI Summit 2026 in New Delhi**

2. സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് വ്യവസായങ്ങളിൽ ആഗോള നേതൃനിരയിൽ എത്തുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister for Electronics and Information Technology Ashwini Vaishnaw has said that the goal of India is to take a leadership role in Semiconductor and Electronics industries.**

3. സംസ്ഥാനത്ത് എസ് ഐ ആറിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   **A meeting of political party representatives was held in Thiruvananthapuram as part of the SIR process in the state. Chief Electoral Officer Rattan U. Kelkar said the final voter list will be published tomorrow.**

4. കാർഷിക ഗവേഷണങ്ങളിൽ ബ്രസീലുമായി സഹകരണത്തിന് ധാരണയായതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ.

**ICAR and its Brazilian counterparts will cooperate in many areas, said Union Agriculture and Farmers' Welfare Minister Shivraj Singh Chouhan today after a meeting with the Brazilian Agriculture Minister Carlos Fávaro in New Delhi.**

5. **ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ശസ്ത്രക്രിയയിൽ വീഴ്ചയുണ്ടായെന്ന പരാതിയിൽ, വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.**

**Kerala Health Minister Veena George said that action will be taken based on the expert committee report regarding complaints of surgical errors at Alappuzha Vandanam Medical College Hospital.**

6. **തീരദേശ സുരക്ഷാ, ദേശീയ ഐക്യം, എന്നിവ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് സിഐഎസ്എഫ് സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോൺ കേരളത്തിലെത്തി.**

**The CISF-organized "Vande Mataram Coastal Cyclathon" has reached Kerala, aiming to strengthen coastal security and national unity.**

*****************************

## AI SUMMIT DECLARATION

ആഗോള എ ഐ രംഗവുമായി ബന്ധപ്പെട്ട നേതാക്കളുടെ പ്രഖ്യാപനത്തിന് ഇന്ത്യ - എ ഐ ഇംപാക്ട് ഉച്ചകോടി ഇന്ന് അംഗീകാരം നൽകും. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ഉച്ചകോടിയുടെ അഞ്ചാം ദിവസമായ ഇന്ന് GPAI ഉന്നതതല കൗൺസിൽ യോഗങ്ങളും ചേരുന്നുണ്ട്. നിർമിത ബുദ്ധിയിലെ ആഗോള സഹകരണ സാധ്യതകൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ യോഗങ്ങളിൽ നടക്കും. സമഗ്രവും ഉത്തരവാദിത്തപൂർണ്ണവുമായ എഐ ഉപയോഗത്തിനായുള്ള ഇന്ത്യയുടെ ശ്രമങ്ങൾക്ക് ഉച്ചകോടി കൂടുതൽ കരുത്ത് പകരും. ഉച്ചകോടിയുടെ ഭാഗമായുള്ള എ ഐ ഇംപാക്ട് എക്സ്പോയ്ക്ക് നാളെയാണ് സമാപനമാവുക.

*****************************

## VP-CEOs

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കുന്ന സിഇഒമാരുമായും പ്രതിനിധികളുമായും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ കൂടിക്കാഴ്ച നടത്തി. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ മേഖലകളിൽ നിർമ്മിത ബുദ്ധി വരുത്താൻ പോകുന്ന വിപ്ലവകരമായ മാറ്റങ്ങളെക്കുറിച്ച് കൂടിക്കാഴ്ചയിൽ സിഇഒമാർ വിശദീകരിച്ചതായി ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ആഗോള എഐ രംഗത്തെ സുപ്രധാന ശക്തിയായി രാജ്യത്തെ മാറ്റാൻ ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ആരോഗ്യം, സൈബർ സുരക്ഷ, ബഹിരാകാശം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന എഐ, ഡീപ്-ടെക്ക് സ്റ്റാർട്ടപ്പ് സി.ഇ.ഒ മാരുമായി പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇന്ന് സംവദിച്ചു

***********************************

## PAX SILICA-INDIA (INTRO)

സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് വ്യവസായങ്ങളിൽ ആഗോള നേതൃനിരയിൽ എത്തുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് കേന്ദ്ര ഇലക്ട്രോണിക് & ഐ.റ്റി മന്ത്രി അശ്വിനി വൈഷ്ണവ്. എഐ ഇംപാക്ട് ഉച്ചകോടിയുടെ ഭാഗമായി, ഇന്ത്യ- യുഎസ് 'പാക്സ് സിലിക്ക' പ്രഖ്യാപനം ഒപ്പുവെച്ച ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷിതമായ ആഗോള സിലിക്കൺ-സാങ്കേതിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി ക്രിട്ടിക്കൽ മിനറലുകൾ, സെമികണ്ടക്ടർ നിർമ്മാണം, നിർമ്മിത ബുദ്ധി തുടങ്ങിയ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണ് കരാർ. ഇന്ത്യയുടെ ആദ്യ സെമികണ്ടക്ടർ പ്ലാന്റ് ഉടൻ തന്നെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് അറിയിച്ചു. സെമികണ്ടക്ടർ മേഖലയ്ക്ക് ആവശ്യമായ 10 ലക്ഷത്തിലധികം വിദഗ്ധ തൊഴിലാളികളെ രാജ്യത്തിനകത്തു നിന്ന് തന്നെ ലഭ്യമാക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

ഇന്ത്യയിലെ യുഎസ് അംബാസഡർ സെർജിയോ ഗോർ, ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. നിർമിത ബുദ്ധി രംഗത്തെ ഭാവി പരിഷ്കരണങ്ങളിൽ ഇന്ത്യ-യുഎസ് സഹകരണത്തിന് നിർണായക പങ്ക് വഹിക്കാൻ സാധിക്കുമെന്ന് സുന്ദർ പിച്ചൈ ചടങ്ങിൽ പറഞ്ഞു.

***************************

## VOTERS LIST (INTRO)

കേരളത്തിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ നാളെ പൂർത്തിയാകും. അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. എസ് ഐ ആറുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേർന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ...**

**(വോയ്സ്)**

***************************

## CENTRAL ELECTION COMMISSION

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട മുന്നൊരുക്ക നടപടികൾ പൂർത്തിയാക്കാൻ 22 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കർണാടക, ആന്ധ്രാപ്രദേശ്, ഡൽഹി, പഞ്ചാബ് തുടങ്ങിയ ഇടങ്ങളിൽ ഏപ്രിൽ മാസത്തോടെ എസ് ഐ ആർ നടപടിക്രമങ്ങൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും കമ്മീഷൻ അറിയിച്ചു.

***************************

## SHIVRAJ-INDIA BRAZIL

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ, ബ്രസീലിയൻ കൃഷി മന്ത്രി കാർലോസ് ഫവാരോയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയിലെ ജൈവകൃഷി രീതികളിൽ ബ്രസീൽ താത്പര്യം പ്രകടിപ്പിച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷം കേന്ദ്രമന്ത്രി അറിയിച്ചു. ICAR നും ബ്രസീലിയൻ കാർഷിക ഗവേഷണ കേന്ദ്രങ്ങൾക്കുമിടയിലെ സഹകരണ സാധ്യതകളും ഇരുവരും ചർച്ച ചെയ്തു. ഇന്ത്യയിൽ മികവിൻറെ കേന്ദ്രം സജ്ജീകരിക്കാൻ ബ്രസീൽ താത്പര്യം അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

*************************************

## AMIT SHAH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ രണ്ട് ദിവസത്തെ അസം സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്തോ - ബംഗ്ലാദേശ് അതിർത്തിയിലെ നാഥൻപുർ ഗ്രാമം സന്ദർശിക്കുന്ന ശ്രീ അമിത് ഷാ സുരക്ഷാ വേലിയുടെ നിർമാണ പുരോഗതിയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തും. അനധികൃത നുഴഞ്ഞുകയറ്റം, അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങൾ എന്നിവ തടയാൻ സ്വീകരിച്ച നടപടികളും അദ്ദേഹം അവലോകനം ചെയ്യും. സിൽചാറിൽ Vibrant Villages Programme രണ്ടാം ഘട്ടത്തിനും കേന്ദ്ര ആഭ്യന്തര മന്ത്രി തുടക്കമിടും. ഗുവാഹട്ടിയിൽ നടക്കുന്ന, CRPF ൻറെ 87-ാമത് സ്ഥാപക ദിനാഘോഷങ്ങളിൽ അദ്ദേഹം നാളെ പങ്കെടുക്കും. അസം പോലീസ് ബറ്റാലിയൻറെ പത്താമത് ക്യാമ്പിൻറെ ശിലാസ്ഥാപനം അദ്ദേഹം സോനാപ്പൂരിൽ നിർവഹിക്കും.

*************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

*************************************

## VANDANAM HOSPITAL

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ വീട്ടമ്മയുടെ വയറ്റിൽ കത്രിക കുടുങ്ങിയതായി പരാതി. അഞ്ചു വർഷം മുൻപ് ഗർഭപാത്രം നീക്കം ചെയ്ത പുന്നപ്ര സ്വദേശി ഉഷ ജോസഫിന്റെ വയറ്റിലാണ് എക്സ്റേ എടുത്തപ്പോൾ കത്രിക കണ്ടെത്തിയത്. സംഭവത്തിൽ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. വയറ്റിൽ കത്രിക കുടുങ്ങിയ സംഭവത്തിൽ ശസ്ത്രക്രിയ നടത്തിയ ഡോക്ടർമാരെ തിരിച്ചറിഞ്ഞതായി ആശുപത്രി അധികൃതർ അറിയിച്ചു. അന്നത്തെ ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ലളിതാംബികയുടെ യൂണിറ്റിലെ ഡോ.ഷാഹിദയാണ് സർജറി നടത്തിയത്.

***********************************

## VANDE MATARAM CYCLOTHON

തീരദേശ സുരക്ഷാ അവബോധം, ദേശീയ ഐക്യം, സമൂഹ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി സിഐഎസ്എഫ് സംഘടിപ്പിക്കുന്ന വന്ദേമാതരം തീരദേശ സൈക്ലത്തോൺ കേരളത്തിലെത്തി. കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിലെ സ്വീകരണത്തിന് ശേഷം പശ്ചിമ തീരസംഘം കോഴിക്കോടേക്ക് തിരിച്ചു. 25 ദിവസം 6,553 കിലോമീറ്റർ സഞ്ചരിക്കുന്ന സൈക്ലത്തോൺ ഞായറാഴ്ച കൊച്ചിയിൽ സമാപിക്കും. കേന്ദ്ര ആഭ്യന്തര സഹമന്ത്രി ബാംദി സഞ്ജയ് കുമാർ പരിപാടിയിൽ മുഖ്യാതിഥിയാകും.

***********************************

## SABARIMALA

ശബരിമല സ്വർണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻ്റ് എ. പത്മകുമാറിന് ജാമ്യം. കൊല്ലം

വിജിലൻസ് കോടതിയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്. ജാമ്യം ലഭിച്ചെങ്കിലും ദ്വാരപാലകശില്പകേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കില്ല.

*****************************

## SOLAR FENCING (INTRO)

കാസർഗോഡ് ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ കർഷകരുടെ ദീർഘകാല ആശങ്കകൾക്ക് പരിഹാരമായി ഒമ്പത് കിലോമീറ്റർ ദൈർഘ്യമുള്ള സൗരോർജ്ജ വേലി മന്ത്രി എ കെ ശശീന്ദ്രൻ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ...**

(വോയ്സ്)

*****************************

## RICKY AJ SYNGKON – CONDOLENCES

ഷില്ലോങ്ങിൽ നിന്നുള്ള ലോക്സഭാ എംപി റിക്കി ആൻഡ്രൂ ജെ. സിങ്കോണിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ഉപരാഷ്ട്രപതി പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ദുഃഖം രേഖപ്പെടുത്തി. മേഘാലയയുടെ വികസനത്തിനായും, ജനക്ഷേമത്തിനായും അദ്ദേഹം വളരെയധികം സംഭാവനകൾ നൽകിയതായി രാഷ്ട്രപതി ദ്രൗപദി മുർമു സമൂഹമാധ്യമത്തിൽ കുറിച്ചു. മേഘാലയയിലെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ എന്നും ഓർമിക്കപ്പെടുമെന്ന് പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

******************************************************************************************
*******************